➪ *അതിഭീകര കുറ്റമാരോപിക്കപ്പെടുന്നവർക്ക് പോലും ഈ അവകാശമുണ്ട്* ➪

# കാക്കിചമയ്ക്കുന്ന വ്യാജക്കഥകൾ

ആന്ധ്രയിലെയും തെലുങ്കാനയിലും രണ്ട് വ്യത്യസ്ത ഏറ്റുമുട്ടലുകളിലായി 25 പേർ വെടിവെച്ച് കൊല്ലപ്പെട്ട സംഭവത്തിൽ, സ്വയരക്ഷയ്ക്ക് വേണ്ടി വെടിയുതിർത്തു എന്ന സ്വാഭാവിക പോലീസ് ന്യായീകരണം ഒട്ടും വിശ്വസനീയമല്ലെന്ന്

**ഹർഷ് മന്ദർ**

കടപ്പാട്:
ദി ഹിന്ദു മാഗസിൻ,
2015 ഏപ്രിൽ 19.

**ഏറ്റുമുട്ടൽ** കൊലകൾ പോലീസ് സേനയെ ദുഷിപ്പിക്കുകയും നിഷ്ഠൂരരാക്കുകയും മാത്രമല്ല ചെയ്യുന്നത്. അത് ജനങ്ങളുടെ ജനാധിപത്യപരമായ അവകാശങ്ങളെ എടുത്തുകളയുകയും ജനമനസ്സാക്ഷിയെ വിട്ടുവീഴ്ചയ്ക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്നുണ്ട്.

ജനങ്ങൾക്കെതിരായി ഭരണകർത്താക്കളായ ഉദ്യോഗസ്ഥർ ചെയ്തുകൊണ്ടിരിക്കുന്ന ശിക്ഷിക്കപ്പെടാത്ത കുറ്റകൃത്യങ്ങൾ, ഏറെ അഭിമാനിക്കേണ്ടതെന്ന് കൊട്ടിഘോഷിക്കപ്പെടുന്ന ഇന്ത്യൻ ജനാധിപത്യം അതിനടിത്തട്ടിലെ അന്ധകാരത്തിൽ ഒളിപ്പിച്ചുവയ്ക്കുന്നുണ്ട്. ഏറ്റുമുട്ടലുകളിലാണ് ഇത്തരം ഒളിപ്പിച്ചുവയ്ക്കലിന്റെ ഏറ്റവും വേദനാജനകമായ ഉദാഹരണങ്ങൾ കാണാൻ കഴിയുന്നത്. ആകസ്മികമായി ഒരുമിച്ചു സംഭവിച്ചതാണ് ആന്ധ്രയിലെയും തെലുങ്കാനയിലെയും രണ്ട് വ്യത്യസ്ത ഏറ്റുമുട്ടലുകളിൽ 25 പേർ വെടിവെച്ച് കൊല്ലപ്പെട്ട സംഭവം. ഇതിൽ 20 പേർ രക്തചന്ദനക്കള്ളക്കടത്തുകാരും അഞ്ച് പേർ മുസ്ലീം തീവ്രവാദികളുമായിരുന്നുവെന്നാണ് പൊലീസ് പറയുന്നത്. നിയമം അനുശാസിക്കുന്ന നടപടികളിലൂടെയല്ലാതെ ഏറ്റവും അപകടകാരികളായ കുറ്റവാളികളെപ്പോലും കൊലപ്പെടുത്താനുള്ള അധികാരം നിയമം അനുവദിക്കുന്നില്ല. ജീവിക്കാനുള്ളതാണ് ഏറ്റവും അടിസ്ഥാനപരമായ അവകാശം. അതിഭീകര കുറ്റമാരോപിക്കപ്പെടുന്നവർക്ക് പോലും ഈ അവകാശമുണ്ട്. പക്ഷെ, ഓരോ ഏറ്റുമുട്ടൽ കൊലയ്ക്ക് ശേഷവുമുള്ള പോലീസിന്റെ അവകാശവാദം സ്വയരക്ഷയ്ക്ക് വേണ്ടി വെടിയുതിർത്തു എന്നതാണ്. സാധാരണക്കാരുടെയും പൊലീസുകാരുടെയും ജീവന് ഭീഷണിയായേക്കാവുന്ന ഘട്ടത്തിലാണ് എല്ലാ ഏറ്റുമുട്ടലുകളും പോലെ ഏപ്രിൽ ഏഴിനുണ്ടായ വെടിവയ്പ്പും നടന്നതെന്ന കഥ വളരെ ദുർബലമാണ്. കല്ലും മഴുവും വാളുമൊക്കെയായി ഭീഷണിപ്പെടുത്തിയതിനാൽ പൊലീസിന് മറ്റ് പോംവഴിയൊന്നുമില്ലാതെ എല്ലാവരെയും വെടിവെച്ചു കൊല്ലേണ്ടിവന്നു എന്നാണ് തിരുപ്പതിക്കടുത്തുള്ള ശേഷാചലം കാട്ടിൽ നടന്ന വെടിവയ്പ്പിനെക്കുറിച്ചുള്ള പോലീസ് ഭാഷ്യം. പൊലീസ് പറയുന്നതിലെ ചില വൈരുദ്ധ്യങ്ങൾ ഇവയാണ്: അത്രയ്ക്ക് ഭീഷണി അവരിൽ നിന്നുണ്ടായിരുന്നുവെങ്കിൽ എന്തുകൊണ്ട് പൊലീസുകാരിലാർക്കും മുറിവോ പരുക്കോ ഇല്ല? ലാത്തിച്ചാർജ്ജോ കണ്ണീർവാതകമോ ആദ്യം പ്രയോ

⇨ *ഈ ചോദ്യങ്ങൾക്കൊന്നും പൊലീസിന് വ്യക്തമായ മറുപടി നൽകാൻ കഴിഞ്ഞിട്ടില്ല* ⇨



ഗിക്കാതെ നിയമവിരുദ്ധമായി നേരിട്ട് വെടിവെച്ചതെന്തുകൊണ്ട്? മരിച്ചവരിൽ ഭൂരിഭാഗം പേർക്കും ശരീരത്തിന്റെ മുകൾഭാഗത്ത് വെടികൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണ്? സംഘർഷാന്തരീക്ഷങ്ങളിൽ ജനക്കൂട്ടത്തെ പിരിച്ചുവിടാനേ വെടിയുതിർക്കാവൂ എന്നാണ് നിയമം. അങ്ങനെയെങ്കിൽ സമീപപ്രദേശങ്ങളിലെ മരങ്ങളിലോ ഇലകളിലോ വെടിപ്പാടുകൾ കാണാത്തത് എന്തുകൊണ്ട്? മിക്ക വെടിയുണ്ടകളും ശരീരത്തിൽ തുളച്ചുകയറിയിരിക്കുന്നത് സമീപത്തുനിന്നും വെടിവെച്ചതുകൊണ്ടല്ലേ? ഈ ചോദ്യങ്ങൾക്കൊന്നും പൊലീസിന് വ്യക്തമായ മറുപടി നൽകാൻ കഴിഞ്ഞിട്ടില്ല.

വാറങ്കലിൽ ഭീകരപ്രവർത്തനം ആരോപിക്കപ്പെട്ട (ശിക്ഷിക്കപ്പെട്ടവർ അല്ല) അഞ്ച് പേരുടെ മരണത്തിന് പൊലീസ് തയ്യാറാക്കിയ വിശദീകരണവും ഒട്ടും തൃപ്തികരമല്ല. പൊലീസ് വാനിൽ കൈവിലങ്ങിട്ട് ബന്ധിക്കപ്പെട്ട അഞ്ച് പ്രതികൾക്ക് 17 പൊലീസുകാർ കാവലുണ്ടായിരുന്നു. അവരിലൊരാൾ മൂത്രമൊഴിക്കണമെന്ന് പറഞ്ഞ് വിലങ്ങഴിപ്പിച്ച് ആയുധം തട്ടിയെടുത്ത് ആക്രമിക്കാൻ ശ്രമിച്ചുവെന്നും അല്ല എല്ലാവരും അങ്ങനെ ചെയ്യാൻ ശ്രമിച്ചെന്നുമൊക്കെയാണ് പൊലീസ് പറയുന്നത്. എന്നാൽ സംഭവശേഷമെടുത്ത ഫോട്ടോകളിൽ എല്ലാ കുറ്റവാളികളുടെയും കൈയിൽ വിലങ്ങുള്ളതായാണ് കാണാൻ കഴിയുന്നത്. മജിസ്ട്രേറ്റ് അന്വേഷണങ്ങൾക്കു പോലും ഇത്തരത്തിലുള്ള നിരവധി ഏറ്റുമുട്ടലുകളുടെ യഥാർത്ഥ കാരണം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നതാണ് ചരിത്രം. പൊലീസ് ഭാഷ്യം തന്നെ അവസാനം അംഗീകരിക്കപ്പെടും. ദേശീയമനുഷ്യാവകാശ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം 2002നും 2013നുമിടയിൽ പൊലീസുമായി 1788 ഏറ്റുമുട്ടലുകളാണുണ്ടായിട്ടുള്ളത്. അതിൽ അവസാനത്തെ നാല് വർഷങ്ങൾക്കിടെ 555 ഏറ്റുമുട്ടൽ സംഭവങ്ങളുണ്ടായി. പൊലീസ് വെടിവെച്ചിട്ട ആളുകൾ മാവോയിസ്റ്റ്, വിഘടനവാദി, ഇസ്ലാം ഭീകരവാദി അതുമല്ലെങ്കിൽ വൻകള്ളക്കടത്ത് മാഫിയക്കാർ എന്നിങ്ങനെ പ്രതികളാക്കപ്പെട്ടവരാണ്. കാഞ്ചി വലിക്കുന്ന പൊലീസുകാർ ഒരിക്കലും ശിക്ഷിക്കപ്പെടാറേയില്ല. വ്യാജ ഏറ്റുമുട്ടലുകൾ തൊഴിൽപരമായ അനിവാര്യതയായാണ് കണക്കാക്കപ്പെടുന്നത്. നിയമപരമായി അത് അനുവദനീയമല്ല. പക്ഷെ മിക്ക പോലീസ് ഉദ്യോഗസ്ഥരും അതിനെ ന്യായീകരിക്കുന്നവരാണ്. മനുഷ്യാവകാശത്തോട് പ്രതിബദ്ധതയുള്ള ചമൻലാൽ എന്ന പോലീസ് ഉദ്യോഗസ്ഥൻ പറയുന്നു.

കുറച്ചുകൂടി വ്യാപകമായ നീതി ഉറപ്പുവരുത്തുന്നതിന് വേണ്ടി നിയമം ലംഘിക്കുന്നത് ന്യായീകരിക്കപ്പെടാവുന്നതേയുള്ളൂ എന്നാണ് പൊലീസും മജിസ്ട്രേറ്റുമാരും സാധാരണ ജനങ്ങളും കരുതുന്നത്. കോടതി നടപടികൾ നീണ്ടുപോകുന്നത് കാത്തുനിൽക്കാൻ തയ്യാറാകാതെയും ശാസ്ത്രീയമായ അന്വേഷണങ്ങൾ ഏറ്റെടുക്കാൻ വിസമ്മതിച്ചും നിയമവ്യവസ്ഥയിലെ ഒരു കണ്ണി മാത്രമായ പൊലീസ്, അങ്ങനെ സ്വയം ന്യായീകരിക്കാവുന്ന തരത്തിൽ കൊലചെയ്ത് കുറ്റന്വേഷകനും വിധികർത്താവും അവസാനം ആരാച്ചാരുമായിത്തീരുന്ന അവസ്ഥ സംജാതമായിരിക്കുന്നു. കുറ്റവാളികളെന്ന് തെളിയിക്കപ്പെടുക പോലും ചെയ്യാത്ത ആളുകളുടെ വ്യാപകമായിക്കൊണ്ടിരിക്കുന്ന കൊലചെയ്യപ്പെടൽ പൊലീസ് സേനയ്ക്ക് അതിഭീകരമായ മറ്റൊരു പരിവേഷം ജനങ്ങൾക്കിടയിൽ നൽകുകയാണ്; അവർക്ക് പൊലീസിലുള്ള അല്പവിശ്വാസം പോലും അകറ്റുന്ന തരത്തിൽ. ■